ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 06.08.2026**

## പ്രധാനവാർത്തകൾ

1. മൂന്നാം ധനവിനിയോഗ ബില്ലിന് പാർലമെന്റിന്റെ അംഗീകാരം. നടപടികൾ പൂർത്തിയാക്കി ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

2. ജൈവമാലിന്യങ്ങളിൽ നിന്നും ഊർജ്ജോത്പാദനം ലക്ഷ്യമിട്ടുള്ള ഗോബർധൻ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

3. നീറ്റ് യു ജി പരീക്ഷ, കമ്പ്യൂട്ടർ അധിഷ്ഠിതമാക്കുന്ന കാര്യം പരിഗണനയിലെന്ന കേന്ദ്ര സത്യവാങ്മൂലത്തിൽ ഹർജിക്കാരുടെ നിലപാട് തേടി സുപ്രീംകോടതി.

4. സംരംഭകത്വ വികസന പദ്ധതിയുടെ മൂന്നാം പതിപ്പിന് സംസ്ഥാനത്ത് തുടക്കം ; സംരംഭങ്ങളെ സ്വാഗതം ചെയ്യാനുള്ള എല്ലാ നടപടികളും സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ.

5. പൊലീസ് സംവിധാനത്തെ ജനകീയമാക്കാൻ ലക്ഷ്യമിട്ടുള്ള *എൻറെ പൊലീസ് സ്റ്റേഷൻ പദ്ധതി* ഈ മാസം 15 മുതൽ ; പൊലീസ് സ്റ്റേഷനുകളിൽ സമഗ്ര മാറ്റമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.

6. സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യത; പത്തനംതിട്ട , കോട്ടയം, ഇടുക്കി ജില്ലകളിൽ ചുവപ്പ് ജാഗ്രത; കേരളം , കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

&&&&&&&&&&&&&&&&&&&&&&

RNU TVPM

## പാർലമെന്റ്

മൂന്നാം ധനവിനിയോഗ ബില്ലിന് പാർലമെന്റിന്റെ അംഗീകാരം. രാജ്യസഭ ഇന്ന് പരിഗണിച്ച ബില്ലിന് ലോക്സഭ നേരത്തെ അംഗീകാരം നൽകിയിരുന്നു. നീറ്റ് വിഷയത്തിൽ പലതവണ നടപടികൾ തടസ്സപ്പെട്ട സഭയിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ ഉച്ചയ്ക്ക് ശേഷമാണ് ബിൽ അവതരിപ്പിച്ചത്. ടാക്സേഷൻ ഭേദഗതി ബില്ലിന് ലോക്സഭയും ഇന്ന് അംഗീകാരം നൽകി. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

&&&&&&&&&&&&&&&&&&&&&&

## ക്യാബിനറ്റ്

ജൈവമാലിന്യങ്ങളിൽ നിന്നും ഊർജ്ജോത്പാദനം ലക്ഷ്യമിട്ടുള്ള ഗോബർദ്ധൻ പദ്ധതിക്ക് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. 23,731 കോടി രൂപ ചെലവ് വരുന്ന പദ്ധതിയിലൂടെ 1.5 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകുമെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. അസമിലെ NH - 15-ൽ ഗുവാഹത്തിക്ക് സമീപമുള്ള 4 വരി പാതയുടെ നിർമ്മാണത്തിനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി.

RNU TVPM

&&&&&&&&&&&&&&&&&&&&&&

## നീറ്റ് യു.ജി പരീക്ഷ

നീറ്റ് - യു.ജി പരീക്ഷ നിലവിലെ രീതിക്ക് പകരം ജെ.ഇ.ഇ മാതൃകയിൽ കമ്പ്യൂട്ടർ അധിഷ്ഠിതമാക്കുന്നത് സജീവ പരിഗണനയിലാണെന്ന കേന്ദ്ര സർക്കാരിന്റെ സത്യവാങ്മൂലത്തിന് മറുപടി നൽകാൻ ഹർജിക്കാരോട് സുപ്രീം കോടതി ആവശ്യപ്പെട്ടു. ചോദ്യപേപ്പർ ചോർച്ച തടയാൻ പരീക്ഷാ സംവിധാനം സമഗ്രമായി പരിഷ്ക്കരിക്കുകയാണെന്ന് കേന്ദ്രം, കോടതിയെ അറിയിച്ചു. എന്നാൽ, തീരുമാനം ഉടൻ എടുക്കണമെന്ന് ഡോക്ടർമാരുടെ സംഘടനയായ 'ഫൈമ' ആവശ്യപ്പെട്ടു. കേസ് ഓഗസ്റ്റ് 19-ലേക്ക് മാറ്റി.

&&&&&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി - കെ എഫ് സി

മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പദ്ധതിയുടെ മൂന്നാം പതിപ്പിന് തിരുവനന്തപുരത്ത് തുടക്കമായി. കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനെ രാജ്യത്തെ മികച്ച ധനകാര്യ സ്ഥാപനമാക്കുകാണ് ലക്ഷ്യമെന്ന് ഉദ്ഘാടനം നിർവ്വഹിക്കവെ മുഖ്യമന്ത്രി വി ഡി സതീശൻ അറിയിച്ചു. മാർക്കറ്റിംഗ് ടെക്നോ മെന്റർമാരുടെ പാനൽ തയ്യാറാക്കും. സംരംഭങ്ങളെ സ്വാഗതം ചെയ്യാനുള്ള എല്ലാ നടപടികളും സ്വീകരിക്കും. ചടങ്ങിൽ വായ്പാ വിതരണവും മുഖ്യമന്ത്രി നിർവ്വഹിച്ചു.

&&&&&&&&&&&&&&&&&&&&&&

<u>എൻറെ പൊലീസ് സ്റ്റേഷൻ (ഇൻട്രോ)</u>

<u>സംസ്ഥാനത്ത് ഈ മാസം 15 മുതൽ എന്റെ പൊലീസ് സ്റ്റേഷൻ പദ്ധതി നിലവിൽ വരുമെന്ന് ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല. തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരളത്തിലെ പൊലീസ് സംവിധാനത്തെ ജനങ്ങളുടെ സ്വന്തം സംവിധാനമാക്കി മാറ്റുകയാണ് പദ്ധതിയുടെ ലക്ഷ്യം.</u>

RNU TVPM

*<u>വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്..........</u>*

*<u>(വോയിസ്)</u>*

&&&&&&&&&&&&&&&&&&&&&&

<u>കെഎസ്ആർടിസി നിർമ്മിത ബുദ്ധി</u>

നിർമ്മിത ബുദ്ധി പ്രയോജനപ്പെടുത്തി കെഎസ്ആർടിസിയെ പുതിയ കാലഘട്ടത്തിലേക്ക് നയിക്കുകയാണെന്ന് മന്ത്രി സി പി ജോൺ. കെഎസ്ആർടിസിയുടെ എഐ അധിഷ്ഠിത വാട്സ് ആപ്പ് ടിക്കറ്റിങ് -94 47 07 10 21, ടോൾഫ്രീ നമ്പർ 149, നവീകരിച്ച കൊറിയർ സംവിധാനം എന്നിവ മന്ത്രി ഉദ്ഘാടനം ചെയ്തു. യാത്രക്കാർക്ക് വേഗത്തിൽ വിവരങ്ങളും ടിക്കറ്റ് ബുക്കിങും ലഭ്യമാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു

&&&&&&&&&&&&&&&&&&&&&&

ഓപ്പറേഷൻ തണ്ടർ - ഇൻട്രോ

***ഓണക്കാലത്തെ അതിർത്തിയിലൂടെയുള്ള ലഹരിക്കടത്ത് തടയുന്നതിന് ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ നടപടികൾ ഊർജിതമാക്കി എക്സൈസ് വകുപ്പ്.***

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ..........***
***(വോയിസ്)***

&&&&&&&&&&&&&&&&&&&&&&

ബ്രിക്സ്

ബ്രിക്സ് അംഗരാജ്യങ്ങളിൽ നിന്നും പങ്കാളിത്ത രാജ്യങ്ങളിൽ നിന്നുമായി അഞ്ഞൂറിലധികം പ്രതിനിധികൾ പങ്കെടുക്കുന്ന 'ബ്രിക്സ് വേവ്സ് ബസാർ' അന്താരാഷ്ട്ര മേളയ്ക്ക് മുംബൈയിൽ തുടക്കമായി. രണ്ട് ദിവസം നീണ്ടുനിൽക്കുന്ന ഈ പരിപാടി ദൃശ്യ-ശ്രവ്യ, സർഗ്ഗാത്മക മേഖലകളിൽ ബിസിനസ് പങ്കാളിത്തവും സഹകരണവും വർധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്.

RNU TVPM

&&&&&&&&&&&&&&&&&&&&&&

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.

(ബ്രേക്ക്)

&&&&&&&&&&&&&&&&&&&&&&

തപാൽ മുദ്ര

ചരിത്രപ്രസിദ്ധമായ ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിന് ആദരവായി തപാൽ മുദ്രയും പ്രത്യേക കവറും പുറത്തിറക്കാൻ തപാൽ വകുപ്പ്. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഈ മാസം -10 ന് പ്രകാശനം

ചെയ്യും. ഇതിനൊപ്പം സംസ്ഥാന മൃഗം, സംസ്ഥാന പക്ഷി എന്നിവയുടെ ചിത്രമടങ്ങിയ തപാൽ കാർഡുകളും പുറത്തിറക്കും.

&&&&&&&&&&&&&&&&&&&&&&

**കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ്**

ഭിന്നശേഷി അവകാശനിയമം അടക്കമുള്ള വിഷയങ്ങളെ കുറിച്ച് കേരളാ ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് സംഘടിപ്പിക്കുന്ന ത്രിദിന ശിൽപശാലയ്ക്ക് നാളെ തിരുവനന്തപുരത്തു തുടക്കമാകും. മന്ത്രി കെ മുരളീധരൻ ഉദ്ഘാടനം ചെയ്യും. KFB പ്രസിഡന്റ് കെ.ജെ വർഗ്ഗീസ് അടക്കമുള്ളവർ പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&

**മഴ (ഇൻട്രോ)**

***സംസ്ഥാനത്ത് വരും ദിവസങ്ങളിലും ശക്തമായ മഴയ്ക്ക് സാധ്യത. പത്തനംതിട്ട , കോട്ടയം, ഇടുക്കി ജില്ലകളിൽ ചുവപ്പ് ജാഗ്രത. കേരളം, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക്.***

***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..***

***(വോയിസ്)***

&&&&&&&&&&&&&&&&&&&&&&

**കക്കയം ഡാം**

കക്കയം ഡാമിന്റെ ഷട്ടറുകൾ പൂർണമായി അടച്ചതായി കെ.എസ്.ഇ.ബി. മഴയുടെ ശക്തി കുറഞ്ഞതും ജലനിരപ്പ് നിയന്ത്രണവിധേയമായതും പരിഗണിച്ചാണ് നടപടി.

&&&&&&&&&&&&&&&&&&&&&&

**പത്തനംതിട്ട മഴ (ഇൻട്രോ)**

RNU/TVPM

***പത്തനംതിട്ട ജില്ലയിൽ ശക്തമായ മഴ തുടരുന്നു. മലയോര മേഖലകളിൽ അതീവ ജാഗ്രതാ നിർദേശം നൽകി ജില്ലാ ഭരണകൂടം. പത്തനംതിട്ട ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ അവധി പ്രഖ്യാപിച്ചു.***

***വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ......***

***(വോയിസ്)***

&&&&&&&&&&&&&&&&&&&&&&

**സഞ്ചരിക്കുന്ന റേഷൻ കട**

കാസർഗോഡ് വെള്ളരിക്കുണ്ടിൽ ഗോത്രവർഗ ഉന്നതികളിലേക്ക് സഞ്ചരിക്കുന്ന റേഷൻ കടയുടെ സംസ്ഥാന തല ഉദ്ഘാടനം മന്ത്രി അനൂപ് ജേക്കബ്ബ് നാളെ നിർവ്വഹിക്കും. ഉച്ചയ്ക്ക് വെള്ളരിക്കുണ്ട് താലൂക്ക് ഹാളിൽ നടക്കുന്ന ഔദ്യോഗിക യോഗത്തിലും മന്ത്രി പങ്കെടുക്കും.

&&&&&&&&&&&&&&&&&&&&&&

RNU TVPM

**പാസിംഗ് ഔട്ട് പരേഡ്**

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിലും ക്രമസമാധാനം പാലിക്കുന്നതിലും കേരള പോലീസ് മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നതെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. പേരൂർക്കട എസ്.എ.പി ഗ്രൗണ്ടിൽ നടന്ന സംയുക്ത പാസിംഗ് ഔട്ട് പരേഡിൽ അഭിവാദ്യം സ്വീകരിക്കുകയായിരുന്നു അദ്ദേഹം. പരിശീലനം പൂർത്തിയാക്കിയ 240 പേർ സേനയുടെ ഭാഗമായി.

&&&&&&&&&&&&&&&&&&&&&&

**ലാബ് ഓൺ വീൽസ്**

ഉന്നത വിദ്യാഭ്യാസ വകുപ്പും അസാപ് കേരളയും ഇൻഫോസിസും സംയുക്തമായി നടപ്പാക്കുന്ന സംസ്ഥാനത്തെ ആദ്യ മൊബൈൽ എക്സ്പീരിയൻഷ്യൽ ലേണിംഗ് ലബോറട്ടറിയായ 'ലാബ് ഓൺ വീൽസ്' തിരുവനന്തപുരം വനിതാ കോളേജിൽ മുഖ്യമന്ത്രി വി ഡി സതീശൻ

ഫ്ലാഗ്ഓഫ് ചെയ്തു. നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, കോഡിംഗ് തുടങ്ങിയ നൂതന സാങ്കേതികവിദ്യകളിൽ ഗ്രാമീണ, ആദിവാസി, മലയോര മേഖലകളിലെ വിദ്യാർഥികൾക്ക് പ്രായോഗിക പരിശീലനം നൽകി തൊഴിൽശേഷി വർധിപ്പിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

&&&&&&&&&&&&&&&&&&&&&&

__കാലടി പാലം - യോഗം__

എറണാകുളം കാലടിയിൽ പുതിയ പാലത്തിന്റെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനായി മന്ത്രി റോജി എം. ജോണിന്റെ അധ്യക്ഷതയിൽ അടിയന്തര യോഗം ചേർന്നു. പുതിയ പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ജനുവരി 15-നകം പൂർത്തിയാക്കണമെന്ന് യോഗത്തിൽ നിർദ്ദേശം നൽകി. പഴയ പാലത്തിന്റെ അറ്റകുറ്റപ്പണികളും ടാറിങ്ങും വേഗത്തിൽ പൂർത്തിയാക്കി ഓണത്തിന് മുൻപായി ഗതാഗത യോഗ്യമാക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&&&&&

RNU TVPM